പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2019-ലെ കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭ സെക്രട്ടേറിയറ്റ്
-2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2019-ലെ കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി ബിൽ

(ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

അപകടങ്ങളിലും അത്യാഹിതങ്ങളിലും പ്രകൃതിക്ഷോഭങ്ങളിലും തീപിടുത്തം, സ്ഫോടനം അതുപോലെ തന്നെ പെട്ടെന്നുണ്ടാകുന്നതും, മരണകാരണമായേക്കാവുന്നതുമായ ഹൃദയസ്തംഭനം, മസ്തിഷ്ക്കാഘാതം തുടങ്ങിയ അതീവ ഗുരുതരമായ സന്ദർഭങ്ങളിൽ, ഇത്തരം സ്ഥലങ്ങളിൽ ചെന്ന് ജീവൻ രക്ഷിക്കുവാനുള്ള അടിയന്തിര വൈദ്യസഹായം നൽകേണ്ട ആവശ്യത്തിലേക്കായി കേരള സംസ്ഥാനത്ത് വിവിധ തലങ്ങളിലായി അത്യാഹിത വൈദ്യസേവനം നൽകുന്നതിനുള്ള കേരള സംസ്ഥാന അടിയന്തിര വൈദ്യസേവന അതോറിറ്റി രൂപീകരിക്കുന്നതിന് നിയമനിർമ്മാണം വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തുണ്ടാകുന്ന അപകടങ്ങളിലും, അത്യാഹിത ഘട്ടങ്ങൾ ഉൾപ്പെടെയുള്ള അടിയന്തിര സന്ദർഭങ്ങളിലും ജനങ്ങളുടെ ജീവൻ രക്ഷിക്കുവാനും, അടിയന്തിര ചികിത്സ ലഭ്യമാക്കുവാനും വേണ്ടി ഒരു അടിയന്തിര വൈദ്യസഹായ അതോറിറ്റി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2019-ലെ കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി ആക്റ്റ്" എന്ന് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ വിവക്ഷിക്കപ്പെടാത്ത പക്ഷം,

(എ) "ആക്റ്റ്" എന്നാൽ 2019-ലെ കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി ബിൽ എന്നാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "ആധുനിക ജീവൻ രക്ഷാമാർഗ്ഗം" എന്നാൽ മേൽസൂചിപ്പിച്ച സാഹചര്യങ്ങളിൽ പെടുന്ന ജനങ്ങൾക്ക് ആശുപത്രിയിൽ എത്തുന്നതിനു മുൻപ് കിട്ടേണ്ട കാർഡിയോ പൾമോണറി, കാർഡിയോ മോണിറ്ററിംഗ് ഇൻട്രാവീനസ് തെറാപ്പി, എയർ ആംബുലൻസ്, വെൻറിലേറ്റർ, ആധുനിക ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത, മെഡിക്കൽ ജംപ്ബാഗ്, സക്ഷൻ യൂണിറ്റ്, ട്രോമ സ്പൈനൽ ബോർഡ്, സിഫിബ്രിലേറ്ററോടുകൂടിയ ഇ.സി.ജി. മോണിറ്റർ, ഇൻകുബേറ്റേഴ്സ്, കെൻട്രിക് എക്സ്ട്രീഗേഷൻ ഡിവൈസ് ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങളുടെ സേവനം അടിസ്ഥാന ആശുപത്രികളുടെ നിയന്ത്രണത്തിൽ ലഭ്യമാക്കുക എന്നർത്ഥമാകുന്നു;

(ഡി) "അടിസ്ഥാന ആശുപത്രികൾ" എന്നാൽ അതോറിറ്റി നിശ്ചയിച്ച കരാറിൽ ഏർപ്പെടുന്ന ഓരോ പ്രദേശത്തെയും സർക്കാർ, സ്വകാര്യ ആശുപത്രികളും, സ്വാശ്രയ മെഡിക്കൽ കോളേജുകളും, ക്ലിനിക്കുകളും എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ ആശുപത്രികൾ" എന്നാൽ സംസ്ഥാനത്തെ മുഴുവൻ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രികൾ, ജില്ല ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നർത്ഥമാകുന്നു;

(എഫ്) "സ്വകാര്യ ആശുപത്രികൾ" എന്നാൽ സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ ആശുപത്രികളും , സ്വാശ്രയ മെഡിക്കൽ കോളേജുകളും, ക്ലിനിക്കുകളും എന്നർത്ഥമാകുന്നു;

(ജി) "അതോറിറ്റി" എന്നാൽ കേരള അടിയന്തിര വൈദ്യസഹായ അതോറിറ്റി എന്നർത്ഥമാകുന്നു;

(എച്ച്) "മെഡിക്കൽ കൗൺസിൽ" എന്നാൽ 1956-ലെ മെഡിക്കൽ കൗൺസിൽ ആക്ട് പ്രകാരം രൂപീകൃതമായ മെഡിക്കൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(ഐ) അടിയന്തിര വൈദ്യസഹായമെന്നാൽ മേൽ വിവരിച്ച സാഹചര്യങ്ങളിൽ വൈദ്യസഹായം ലഭിച്ചില്ലെങ്കിൽ ടിയാന് ജീവഹാനിയോ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളോ ഉണ്ടായേക്കാവുന്ന സാഹചര്യം എന്നർത്ഥമാകുന്നു.

3. 2019-ലെ കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി രൂപീകരണം.—(1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കേരള സംസ്ഥാന അടിയന്തിര വൈദ്യസഹായ അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്;

(2) അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കാവുന്നതാണ്;

(3) അതോറിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര ജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുമുള്ള അധികാരത്തോടു കൂടിയതും അതോറിറ്റിയുടെ പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

4. അതോറിറ്റിയുടെ ഘടന.—

(1) ചെയർമാൻ.—ആരോഗ്യവകുപ്പുമന്ത്രി അതോറിറ്റിയുടെ ചെയർമാനായിരിക്കുന്നതാണ്;

(2) അതോറിറ്റിയുടെ അംഗങ്ങൾ.—

(എ) ആരോഗ്യവകുപ്പ് സെക്രട്ടറി;

(ബി) നിയമവകുപ്പ് സെക്രട്ടറി;

(സി) ആഭ്യന്തര വകുപ്പുസെക്രട്ടറി;

(ഡി) റവന്യൂ വകുപ്പുസെക്രട്ടറി;

(ഇ) IMA യുടെ ഒരു പ്രതിനിധി;

(എഫ്) ഡയറക്ടർ ജനറൽ ഓഫ് പോലീസ്;

(ജി) ഫയർ ഫോഴ്സ് ഡയറക്ടർ;

(എച്ച്) വിവിധ വിഷയങ്ങളിൽ അവഗാഹമുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 5 വിദഗ്ദ്ധരായ ഡോക്ടർമാർ, ഇവരിൽ ഒരാളെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സർക്കാരിന് നിയമിക്കാവുന്നതാണ്.

(3) സി. ഇ. ഒ.യുടെ ചുമതലകൾ.—ഈ ആക്ടിൽ പറയുന്ന സംസ്ഥാന, ജില്ലാ, താലൂക്ക് അതോറിറ്റികളുടെ കീഴിൽ പൊതുജനങ്ങൾക്കുള്ള അടിയന്തിര വൈദ്യസഹായം ആവശ്യമാകുന്ന ഘട്ടങ്ങളിലെല്ലാം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തൽ. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വിലയിരുത്താൻ ഒരു മാസത്തിൽ അധികരിക്കാത്ത കാലയളവിൽ സംസ്ഥാന അതോറിറ്റിയുടെ യോഗം വിളിച്ചു ചേർക്കുക. സംസ്ഥാനത്ത് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലായി 3 എയർ ആംബുലൻസുകൾ പ്രവർത്തിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ആയതിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക.

(4) ജില്ലാ അതോറിറ്റി.—

(എ) ചെയർമാൻ.—ജില്ലാ കളക്ടർ ആയിരിക്കും ജില്ലാതല അതോറിറ്റിയുടെ ചെയർമാൻ.

(ബി) അതോറിറ്റിയിലെ അംഗങ്ങൾ.—

(i) DMO (ആരോഗ്യം);

(ii) ജില്ലാ പോലീസ് ചീഫ്;

(iii) ജില്ലാ ഫയർഫോഴ്സ് ഓഫീസർ;

(iv) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്;

(v) IMA യുടെ ഒരു പ്രതിനിധി;

(vi) ജില്ലാ അതോറിറ്റി ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ DMO (ആരോഗ്യം) ജില്ലാ അതോറിറ്റിയുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(സി) ജില്ലാ അതോറിറ്റി സെക്രട്ടറിയുടെ ചുമതലകൾ.— ഈ ആക്ടിൽ പറയുന്ന താലൂക്ക് അതോറിറ്റിയുടെ കീഴിൽ പൊതുജനങ്ങൾക്കുള്ള അടിയന്തിര വൈദ്യസഹായം ആവശ്യമാകുന്ന ഘട്ടങ്ങളിലെല്ലാം അവ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ഇത്തരം അടിയന്തിര ഘട്ടങ്ങളിൽ അതിനാവശ്യമായ ഏകോപനം നടത്തുകയും ചെയ്യുക. ഒരു മാസത്തിൽ അധികരിക്കാത്ത കാലയളവിൽ ജില്ലാ അതോറിറ്റിയുടെ യോഗം വിളിച്ചു ചേർക്കുകയും അതേ കാലയളവിൽ തന്നെ ആക്ടിൽ പറയുന്ന താലൂക്ക് അതോറിറ്റി ചെയർമാൻമാരുടെ യോഗം വിളിച്ചു ചേർത്ത് വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുക.

5. താലൂക്ക് അതോറിറ്റി.—

(എ) ചെയർമാൻ.— തഹസീൽദാർ ആയിരിക്കും താലൂക്ക് അതോറിറ്റിയുടെ ചെയർമാൻ.

(ബി) മുഴുവൻ സമയ സെക്രട്ടറി.— താലൂക്ക് അടിയന്തിര വൈദ്യ സഹായ അതോറിറ്റിയുടെ മുഴുവൻ സമയ സെക്രട്ടറിയായി ഒരു തസ്തിക സൃഷ്ടിക്കുകയും ആവശ്യമായ യോഗ്യത നിർണ്ണയിച്ച് പി. എസ്. സി. മുഖേന ഒരു ഡോക്ടറെ നിയമിക്കേണ്ടതാണ്.

(സി) താലൂക്ക് അതോറിറ്റി അംഗങ്ങൾ.—

(i) താലൂക്ക് ആശുപത്രി സൂപ്രണ്ട്;

(ii) താലൂക്ക് ഉൾപ്പെടുന്ന പ്രദേശത്തെ DYSP മാർ;

(iii) താലൂക്ക് ഉൾപ്പെടുന്ന പ്രദേശത്തെ ഫയർഫോഴ്സ് ഓഫീസർ;

(iv) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ;

(v) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ;

(vi) IMA യുടെ ഒരു പ്രതിനിധി;

(vii) പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷന്റെ ഒരു പ്രതിനിധി.

6. അതോറിറ്റികളുടെ പ്രവർത്തനം.—വ്യക്തിക്കോ വ്യക്തികൾക്കോ സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രദേശത്ത് അടിയന്തിര ജീവൻ രക്ഷാ മാർഗ്ഗത്തിനായി അടിയന്തിര വൈദ്യസഹായം ലഭിക്കേണ്ട ഘട്ടം വന്നാൽ ഈ വിവരം ലഭിക്കുന്ന മുറയ്ക്ക് അവിടെ അടിയന്തിര വൈദ്യ സഹായം എത്തിക്കേണ്ട ചുമതല താലൂക്ക് വൈദ്യ സഹായ സമിതിക്കുള്ളതാണ്. ഈ സമിതികളെ ഏകോപിപ്പിക്കുകയും അവയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ആവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കേണ്ടതും ജില്ലാ കളക്ടറുടെ ചുമതലയാണ്. താലൂക്ക് ജില്ലാ അതോറിറ്റികളെ നിയന്ത്രിക്കേണ്ടതും, ഏകോപിപ്പിക്കേണ്ടതും അവർക്കാവശ്യമുള്ള ഉപകരണങ്ങൾ, മരുന്നുകൾ, ഫണ്ടുകൾ എന്നിവ നൽകേണ്ടതും സംസ്ഥാന അതോറിറ്റിയുടെ ചുമതലയാണ്. സംസ്ഥാന അതോറിറ്റിക്ക് ആവശ്യമായ സർക്കാർ ഗ്രാന്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകേണ്ടതാണ്. മൂന്ന് തലങ്ങളിലെ അതോറിറ്റികൾക്കും പൊതുസമൂഹത്തിൽ നിന്നും, സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതുമാണ്.

7. <u>അതോറിറ്റിയിലെ ഉദ്യോഗസ്ഥർ.</u>—മൂന്ന് തലങ്ങളിലെ അതോറിറ്റികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. മുഖേന സർക്കാർ നിയമനം നടത്തേണ്ടതാണ്.

8. <u>കുറ്റങ്ങളും ശിക്ഷകളും.</u>—ഈ ആക്ടിലെ ഉദ്ദേശ്യങ്ങൾക്ക് അനുസൃതമായി ആധുനിക ജീവൻ രക്ഷാ മാർഗ്ഗത്തിനായുള്ള അടിയന്തിര വൈദ്യ സഹായം എത്തിക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഈ വകുപ്പ് പ്രകാരം കുറ്റം ചുമത്തി കേസ് എടുക്കാവുന്നതും കുറ്റം തെളിഞ്ഞാൽ പതിനായിരം രൂപ പിഴയോ, ഒരു മാസത്തെ വെറും തടവോ രണ്ടും കൂടിയോ വിധിക്കാവുന്നതാണ്.

9. <u>ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള അധികാരം.</u>—(1) ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ ആക്ടിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധം പുറപ്പെടുവിക്കുവാൻ സംസ്ഥാന ഗവൺമെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന് മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ചട്ടം ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനെ അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

അപകടങ്ങൾ, അത്യാഹിതങ്ങൾ എന്നിവമൂലം പ്രയാസപ്പെടുന്നവർക്ക് ആശുപത്രികളിൽ എത്തുന്നതിനുമുമ്പ് അടിയന്തിര വൈദ്യസഹായം ലഭിച്ചാൽ ഇത്തരം ഘട്ടങ്ങളിൽ മരണപ്പെടുന്ന നിരവധി മനുഷ്യ ജീവനുകൾ രക്ഷപ്പെടുത്തുവാൻ സാധിക്കും. തിരക്കേറിയ ജീവിത സാഹചര്യങ്ങളിൽ ഇത്തരം അടിയന്തിര സാഹചര്യങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആ സ്ഥലങ്ങളിൽ വൈദ്യസഹായമെത്തിക്കുന്നതിന് നിയമാനുസൃതമായ ഒരു സംവിധാനവും ഇന്ന് നിലവിലില്ല. ഈ ആക്ടിൽ പറയുന്നത് പ്രകാരമുള്ള 'അടിയന്തിര വൈദ്യസഹായ അതോറിറ്റി' രൂപീകരിക്കുന്ന

പക്ഷം അത് സമൂഹത്തിന് വലിയ ഒരു ആശ്വാസമാകും. ഇത്തരം ഘട്ടങ്ങളിൽ ജീവനോട് മല്ലടിക്കുന്ന ആയിരങ്ങൾക്ക് ആശ്വാസം പകരുവാൻ ഈ ബിൽ നടപ്പാകുന്നതുവഴി സാധിക്കും. വിദേശ രാജ്യങ്ങളിലും, ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അടിയന്തിര വൈദ്യസഹായം ലഭിക്കുന്നതിനുള്ള നിയമമുണ്ട്. ആയതിനാൽ ഇത്തരം ഒരു നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തും അത്യാവശ്യമാണ്. ഇത് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് അതോറിറ്റി നിലവിൽ വരികയും പ്രവർത്തന ക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്ക് 5 കോടി രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ ഭേദഗതി ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.